ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ** ഡയറക്ടറേറ്റ്**, തിരുവനന്തപുരം**
**dtekerala@gmail.com**
**0471 2561307**

**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം പൊതു സ്ഥലം മാറ്റം 2026 - സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ജീവനക്കാരുടെ സ്ഥലം മാറ്റം - അന്തിമ പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (EA) വിഭാഗം**

**നം. DTETVM/4817/2026-EA4 (EA)** **തിരുവനന്തപുരം, തീയതി: 21-08-2026**

---

വായന:-

1.25.02.2017 ലെ സർക്കാർ ഉത്തരവ് നമ്പർ സ. ഉ (പി) നം. 03/2017/ഉഭപവ.

2.08.08.2019 ലെ കേരള സർക്കാർ ധനകാര്യ റൂൾസ് (എ) വകുപ്പിന്റെ സർക്കുലർ നമ്പർ 72/2019/ധന.

3.25.03.2026 ലെ ഈ കാര്യാലയത്തിലെ സർക്കുലർ നം DTETVM/11146/2025/EC-5.

4.04.07.2026 ലെ ഇതേ ഫയൽ നമ്പർ പരിപത്രം.

5.05.08.2026 ലെ ഇതേ ഫയൽ നം നടപടിക്രമം.

6.14.08.2026 ലെ എറണാകുളം അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ നിന്നും ലഭ്യമായ OA(EKM) 1146/2026/2026108470 നം കത്ത്.

7.12.08.2026 ലെ ഇതേ ഫയൽ നം. പരിപത്രം.

**<u>ഉത്തരവ്</u>**

വായന (5) പ്രകാരം, 2026-ലെ പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായി ഈ വകുപ്പിന് കീഴിലുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ജീവനക്കാരുടെ അന്തിമ സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിച്ചിരുന്നു.

തുടർന്ന്, വായന (6)-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ പട്ടിക കരട് പട്ടികയായി പരിഗണിച്ച്

ജീവനക്കാരിൽ നിന്ന് പരാതികൾ/ആക്ഷേപങ്ങൾ സ്വീകരിക്കുകയും, അവ പരിഗണിച്ച ശേഷം അന്തിമ ഉത്തരവ് പുറപ്പെടുവിക്കാനും നിർദേശിക്കപ്പെട്ടിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ വായന (7) പ്രകാരം കരട് പട്ടിക പ്രസിദ്ധീകരിക്കുകയും നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ച പരാതികൾ/ആക്ഷേപങ്ങൾ നിലവിലുള്ള പൊതുസ്ഥലംമാറ്റ ചട്ടങ്ങളും മാനദണ്ഡങ്ങളും അനുസരിച്ച് പരിശോധിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ, നിലവിലുള്ള സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ചുവടെ പറയുന്ന ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **ക്രമ നമ്പർ** | **പേര്, സ്ഥാപനം, പെൻ നമ്പർ** | **സ്ഥലം മാറ്റം നൽകുന്ന സ്ഥാപനം** |
|---|---|---|
| **1.** | ശ്രീ. അനീഷ് കുമാർ കെ<br>കോളേജ് ഓഫ് എഞ്ചിനീയറിംഗ്,<br>തിരുവനന്തപുരം.<br>**(പെൻ. 601520)** | സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം, പാലക്കാട്.<br>(ശ്രീ. കിരൺ പി ജോർജ്ജ് സ്ഥലം മാറുന്ന ഒഴിവ്) |
| **2.** | ശ്രീ. കിരൺ പി ജോർജ്ജ്<br>സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,<br>ശ്രീകൃഷ്ണപുരം, പാലക്കാട്.<br>**(പെൻ .1002807)** | സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ.<br>(ശ്രീ ശിവൻ പി പി സ്ഥലം മാറുന്ന ഒഴിവ്) |
| **3.** | ശ്രീ. ശിവൻ പി പി<br>സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ.<br>**(പെൻ. 631571)** | സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ.<br>(തുറന്ന ഒഴിവ്) |

വായന (2) പ്രകാരം, ഓപ്ഷന്റെ അടിസ്ഥാനത്തിൽ സ്ഥലമാറ്റം ലഭിച്ച മേൽ പട്ടികയിലെ ജീവനക്കാർക്ക് കെ.എസ്.ആർ. ഭാഗം 1 ചട്ടം 127 പ്രകാരം, അനുവദനീയമായ പ്രവേശനകാലത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. സ്ഥലമാറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരം അനുവദനീയമായ സ്ഥലമാറ്റത്തിനുള്ള യാത്രാപ്പടിയ്ക്ക് അർഹതയുണ്ടായിരിക്കും. മേൽ പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരെ സ്ഥാപന മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്ത് അവരുടെ വിടുതൽ ചേരുംകാലം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. കൂടാതെ സ്ഥലമാറ്റം ലഭിച്ചവരെ സ്ഥാപനമേധാവികൾ ഇന്ന് തന്നെ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതാണ്. വിടുതൽ ചേരും കാലങ്ങൾ ഈ മാസം 31-)0 തിയതിക്കുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

**Dr JAYAPRAKASH P**

**DIRECTOR**

സ്വീകർത്താവ്,

**1.**ഈ വകുപ്പിന് കീഴിലുള്ള ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും, ജീവനക്കാർക്കും (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).

**2.**ഡി.ടി.ഇ. ഐ.റ്റി. ഡിവിഷൻ (പ്രസിദ്ധീകരണത്തിന്)

Digitally signed by
Jayaprakash P
Date: 21-08-2026
14:55:08